(ഡി) പെൻഷൻ നൽകുന്നതിനുള്ള ബാധ്യത ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി ശുപാർശകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉന്നയിച്ചിട്ടുണ്ട്.

(ബി) പെൻഷൻ സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി. (Bud;1/1665/07 dated, 11-4-2007 പ്രകാരം കത്തയച്ചിട്ടുണ്ട്. ആയതുകൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ സർക്കാർ ഏറ്റെടുക്കണമെന്ന് നിയമസഭ സബ്ജക്ട് കമ്മിറ്റി 2007-08, 2008-09, 2010-11 വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത ഏറ്റെടുക്കുകയോ പെൻഷന് തുല്യമായതുക ഗ്രാന്റായിനൽകുകയോ ചെയ്യണമെന്ന് സബ്ജക്ട് കമ്മിറ്റി 2007-08-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന രണ്ടാമത് റിപ്പോർട്ട് ചെയ്തിരുന്നു. നിയമസഭാ സബ്ജക്ട് കമ്മിറ്റി 2008-09-ലെയും 2010-11-ലെയും റിപ്പോർട്ടിലും ടി ശിപാർശ ആവർത്തിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനടത്തിയ നവീകരണ പ്രവർത്തനങ്ങൾ

165 (615) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഡിപ്പോകളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് അനുവദിക്കപ്പെട്ട പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണത്തിനും മറ്റ് വികസനത്തിനും ചെലവിട്ട തുക മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ; നടത്തിയ വികസന-നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിലെ ഡിപ്പോകളിൽനിന്നും തിരിച്ചും പുതുതായി ആരംഭിച്ചതും പുനഃസ്ഥാപിച്ചതുമായ സർവ്വീസുകളുടെ വിശദാംശം ഡിപ്പോ തിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബസ്സുകളുടെ എണ്ണം

കൽപ്പറ്റ	25
മാനന്തവാടി	36
സുൽത്താൻബത്തേരി	39
ആകെ	100

ജീവനക്കാരുടെ സ്ഥിതിവിവരം താഴെപ്പറയുന്നു :

ഡിപ്പോ	2006-ലെ എണ്ണം	2011-ലെ എണ്ണം
മാനന്തവാടി	387	453
കൽപ്പറ്റ	296	400
സുൽത്താൻബത്തേരി	483	613

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സുൽത്താൻ ബത്തേരി യൂണിറ്റ്

2006-നുശേഷം 9 പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്. അഞ്ച് സർവ്വീസുകൾ വിവിധ ഡിപ്പോകളിൽനിന്നും ബത്തേരിവരെ വന്നുപോകുന്നുണ്ട്.

കൽപ്പറ്റ

16 സർവ്വീസുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. താമരശ്ശേരി ഡിപ്പോയിൽ നിന്നുംവരുന്ന പാലക്കാട്-കൽപ്പറ്റ സർവ്വീസ് കൽപ്പറ്റവന്ന് തിരികെപോകുന്നുണ്ട്. തൃശ്ശൂർ യൂണിറ്റിൽനിന്നും നാടുകാണിവഴി തൃശ്ശൂർ 13.30-നും 15 മണിക്കും കൽപ്പറ്റവന്ന് തിരികെ പോകുന്നുണ്ട്. കണ്ണൂർ യൂണിറ്റിൽനിന്നും 10.30-ന് കൽപ്പറ്റ വന്നുതിരികെ പോകുന്നുണ്ട്.

മാനന്തവാടി

10 സർവ്വീസുകൾ 2006-നുശേഷം പുതുതായി ആരംഭിച്ചിട്ടുണ്ട്. ചിറ്റൂരിൽനിന്നും 3 സർവ്വീസും നിലമ്പൂരിൽനിന്ന് ഒരു സർവ്വീസും മാനന്തവാടിയിൽ തിരികെ വന്നുപോകുന്നുണ്ട്.

മോട്ടോർ വാഹനവകുപ്പ് ജീവനക്കാരുടെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ്

166 (616) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് ചട്ടങ്ങൾ പ്രകാരം കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ മോട്ടോർ വാഹന വകുപ്പിൽ എത്ര ഉദ്യോഗസ്ഥരാണ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.